"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി ട്രിഡയുടെ PSTSB അക്കൗണ്ടിൽ നിന്നും സർക്കാർ തിരികെ എടുത്ത തുക - ചാല വാണിജ്യ സമുച്ചയ നിർമ്മാണ പ്രവർത്തികൾ ചെയ്യുന്ന കരാറുകാരായ HLL Life Care Ltd.ന്റെ ബിൽ തുക നൽകുന്നതിനായി 81,05,000/- രൂപ "2217-05-191-36-35" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.359/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 10/02/2021

---

പരാമർശം:- 1 സ.ഉ.(സാധാ) നം.34/2020/ധന. തീയതി 27/03/2020

2 07/09/2020 ലെ സ.ഉ.(സാധാ) നം. 1609/2020/തസ്വഭവ.

3 28/10/2020 ലെ സ.ഉ.(സാധാ) നം. 2023/2020/തസ്വഭവ.

4. ട്രിഡ സെക്രട്ടറിയുടെ 24/12/2020 എഫ്3-888/2020/ട്രിഡ നം. കത്ത്.

5. സ.ഉ.(സാധാ) നം. 532/2021/ധന തീയതി 22/01/2021.

<u>ഉത്തരവ്</u>

ചാല വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ തുകയിൽ, ട്രിഡയുടെ PSTSB അക്കൗണ്ട് നം. 799012700001484 -ൽ അവശേഷിച്ച 5,85,44,663/- രൂപ പരാമർശം (1) പ്രകാരം സർക്കാർ തിരികെ എടുക്കുകയുണ്ടായി. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചെലവായ തുകയായ 1,39,51,000/- രൂപയും 79,03,000/- രൂപയും കരാറുകാരുടെ ബില്ലുകൾ നൽകുന്നതിനായി യഥാക്രമം പരാമർശം (2), പരാമർശം (3) എന്നിവ പ്രകാരം അനുവദിച്ചു. ശേഷിക്കുന്ന തുകയായ 3,66,90,663/- രൂപയിൽ നിന്നും 81,04,118/- രൂപ നൽകുന്നതിനായി പരാമർശം (4) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാല വാണിജ്യ സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരുടെ ബില്ലുകൾ നൽകുന്നതിനായി പരാമർശം (5) പ്രകാരം "2217-05-191-36-35" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും അധികധനാനുമതി മുഖേന (additional authorization) 81,05,000/- രൂപ അനുവദിച്ചുത്തരവാകുകയും ചെയ്തു.

3) മേൽ സാഹചര്യത്തിൽ ട്രിഡ സെക്രട്ടറിയുടെ PSTSB അക്കൗണ്ട് നം. 799012700001484 - ൽ നിന്നും സർക്കാർ തിരികെ എടുത്ത 5,85,44,663/- രൂപയിൽ അനുവദിച്ച 1,39,51,000/- രൂപയും 79,03,000/- രൂപയും കിഴിച്ചുള്ള ബാക്കി തുകയായ 3,66,90,663/- രൂപയിൽ നിന്നും ചാല വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി കരാറുകാർക്ക് തുക നൽകുന്നതിനായി 81,05,000/- (എൺപത്തൊന്ന് ലക്ഷത്തി അയ്യായിരം രൂപ) കൂടി "2217-05-191-36-35" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) മറ്റേതെങ്കിലും പദ്ധതി ശീർഷകത്തിൽ (Capital Plan head) നീക്കിയിരിപ്പ് തുക ഉണ്ടെങ്കിൽ (savings) ആയത് കണ്ടെത്തി അധികധനാനുമതി മുഖേന അനുവദിച്ച തുക നടപ്പു സാമ്പത്തിക വർഷാവസാനത്തിനു മുൻപായി റീ-അപ്രോപ്രിയേഷൻ വഴി ക്രമീകരിക്കുന്നതിനുള്ള നടപടി യഥാസമയം സ്വീകരിക്കുന്നതിനായി നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ്ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ / ജി & എസ്.എസ്.എ), കേരളം, തിരുവനന്തപുരം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (നം.ഡവ.2/130/2020-ധന തീയതി 28/01/2021)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ